# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1483. 21..3..2012-ൽ മറുപടിക്ക്

## പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ.വി വിജയദാസ്.

(എ) കേരളത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വ്യാപന പദ്ധതി, കറവ പശുക്കളെയും കിടാരികളെയും വിതരണം ചെയ്യുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധന സഹായം, പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള വിജ്ഞാന വ്യാപന പദ്ധതികൾ എന്നീ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനു പുറമെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴി ക്ഷീര കർഷകർക്ക് നൽകി വരുന്നു.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര വികസന മേഖലയെ ഉൾപ്പെടുത്തിയത് തൊഴിലിന് കൂലി എന്ന നിലയിലാണോ; അതോ നിർമ്മാണ പ്രവർത്തനത്തിന് എന്ന നിലയിലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരകർഷകരെ ഭാഗികമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(സി) കാലിത്തീറ്റയ്ക്ക് 50% സബ്സിഡി സർക്കാർ നടപ്പിലാക്കുമോ; എങ്കിൽ ഈ വർഷം മുതൽക്കു തന്നെ ആയതിന് നടപടി സ്വീകരിക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാലിത്തീറ്റ സബ്സിഡി ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സബ്സിഡി 50% ആയി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.